**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4454** **18-03-2025 - ൽ മറുപടിയ്ക്ക്**

**മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ വലിയതോതിലുള്ള പലിശ നിരക്ക് വാഗ്ദാനം ചെയ്ത് ആളുകളിൽ നിന്ന് വ്യാപകമായി നിക്ഷേപം സ്വീകരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ നിക്ഷേപത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സഹകരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | മൾട്ടി സ്റ്റേറ്റ് സഹകരണസംഘങ്ങൾ കേന്ദ്ര നിയമമായ 2002 ലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരമാണ് പ്രവർത്തിച്ചുവരുന്നത്. കേന്ദ്ര സഹകരണസംഘം രജിസ്ട്രാറാണ് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ നിയന്ത്രണ അധികാരി. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, 2002, വകുപ്പ് 67 പ്രകാരം ഒരു മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് അതിന്റെ ബൈലോയിൽ വ്യക്തമാക്കിയിട്ടുള്ള പരിധിയിലും വ്യവസ്ഥകളിലും ബാഹ്യ സ്രോതസ്സുകളിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കാനും വായ്പകൾ സ്വീകരിക്കാനും ഗ്രാന്റുകൾ സ്വീകരിക്കാനും കഴിയും. ടി സംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് പലിശ നിശ്ചയിക്കുന്നതിനും വ്യക്തമായ മാനദണ്ഡങ്ങളോ നിയന്ത്രണങ്ങളോ ഇല്ല. സംസ്ഥാനത്തെ സഹകരണസംഘങ്ങളിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വകുപ്പ് പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ടി പദ്ധതികൾ കേന്ദ്ര നിയമമനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സംഘങ്ങൾക്ക് ബാധകമാക്കുവാൻ സംസ്ഥാനത്തെ സഹകരണവകുപ്പിന് സാധിക്കുകയില്ല. കേന്ദ്ര സർക്കാരാണ് ടി വിഷയത്തിൽ നടപടി സ്വീകരിക്കേണ്ടത്. |
| (സി) | ഇത് സംബന്ധിച്ച് സാധാരണക്കാർക്ക് അവബോധം നൽകുന്നതിനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ | (സി) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ തിരിച്ചറിയുന്നതിനായി ടി സംഘങ്ങളിൽ കേരള |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ? | | സഹകരണ നിയമപ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാണ് എന്നുള്ള ബോർഡ് സ്ഥാപിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിദ്ദേശം നൽകിയിട്ടുള്ളതും സംഘങ്ങളിൽ ആയതിന്റെ അടിസ്ഥാനത്തിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.<br><br>അംഗങ്ങൾ/നിക്ഷേപകർ/പൊതുജനങ്ങൾ തുടങ്ങിയവർ ഇത്തരം സംഘങ്ങളുമായി ബന്ധപ്പെടുമ്പോൾ സംഘങ്ങളുടെ പ്രവർത്തന മികവ് കണക്കിലെടുത്ത് അവരവരുടെ സ്വന്തം റിസ്കിൽ ബന്ധപ്പെടേണ്ട സാഹചര്യമുള്ളതിനാൽ എല്ലാ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും അവരുടെ ശാഖകൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളുടേയും പ്രവേശനകവാടത്തിൽ<br><br>“Multi State Co-operative Societies are functioning as autonomous cooperative organizations accountable to their members and not under the administrative control of the Central Registrar, Ministry of Agriculture and Farmer’s Welfare. Therefore, the depositors/members are advised to take decision for investing deposits based on the performance of the society at their own risk. Central Registrar, Ministry of Agriculture and Farmer’s Welfare does not guarantee for these deposits”<br><br>എന്ന ബോർഡ് സ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ മൾട്ടിസ്റ്റേറ്റ് സംഘങ്ങളും ടി നോട്ടീസ് പതിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാനത്തെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പങ്ക് സംബന്ധിച്ചും മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ സംസ്ഥാന സഹകരണ മേഖലയിൽ സൃഷ്ടിക്കുന്ന പ്രതിബന്ധങ്ങൾ സംബന്ധിച്ചും സാധാരണക്കാർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി സഹകരണ വകുപ്പ് നിരവധി സെമിനാറുകളും, ചർച്ചകളും, ക്യാമ്പയിനുകളും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ